**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 196** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കാട്ടാക്കട സി. എച്ച്. സി.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പതിനഞ്ചാം ധനകാര്യകമ്മീഷൻ തുകയിൽ നിന്നും 4 കോടി രൂപ ചെലവഴിച്ച് കാട്ടാക്കട സി.എച്ച്.സി-യിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിലവിലെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

**<u>മറുപടി:</u>** പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2023-24 ഫണ്ടിൽ നിന്ന് തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്ക് പരിധിയിൽ വരുന്ന കാട്ടാക്കട സി. എച്ച്. സി-യിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്ലാനിംങ്ങിന്റെ ഭാഗമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി നിലവിൽ സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ നിർമ്മാണത്തിനായി സ്ഥലം വിട്ട് തരുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

**(ബി)** നിരവധി രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായി എത്തുന്ന ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യമില്ലായ്മ കണക്കിലെടുത്ത് കാലതാമസം കൂടാതെ പണികൾ ആരംഭിച്ച് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>മറുപടി:</u>** മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**